ICDS F7

File No.LSGD-EPA3/4/2022-LSGD

E-143151/22/WCD ✓ E-146319/22/DWCD

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - അങ്കണവാടി കെട്ടിട നിർമ്മാണത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ, പൊതുമരാമത്ത് വകുപ്പിന് നല്കിയ വിഹിതം തിരികെ നൽകുമ്പോൾ, കൺസോളിഡേറ്റഡ് അക്കൗണ്ടിലേക്ക് തിരികെ അടയ്ക്കുന്നതിനു പകരം നിർദ്ദിഷ്ട അങ്കണവാടി കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.70/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/01/2022

പരാമർശം:- 1. വനിതാ ശിശുവികസന വകുപ്പ ഡയറക്ടറുടെ 27.03.2021-ലെ ICDS/A7/1915/2020

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.12.2021 ലെ 3.8-ാം നമ്പർ യോഗ തീരുമാനം

**ഉത്തരവ്**

വനിതാ ശിശുവികസന വകുപ്പിന്റെ ധനസഹായത്തോടെ നിർമ്മിക്കുന്ന അങ്കണവാടി കെട്ടിടങ്ങൾ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേനയായിരുന്നു നിർമ്മാണം നടത്തിയിരുന്നത്. ഇതിന് തദ്ദേശഭരണസ്ഥാപനങ്ങൾ അവരുടെ വിഹിതം പൊതുമരാമത്ത് വകുപ്പിന് ഡിപ്പോസിറ്റ് ചെയ്തിരുന്നു. അങ്കണവാടികൾ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തെ കൊണ്ടു തന്നെ നിർമ്മിക്കണമെന്ന കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അങ്കണവാടികെട്ടിടത്തിന്റെ നിർമ്മാണ ചുമതല പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ നിന്നു മാറ്റി തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന് നൽകാൻ പരാമർശം (1) പ്രകാരം വനിതാ ശിശുവികസന വകുപ്പ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പൊതുമരാമത്ത് വകുപ്പിന് തദ്ദേശഭരണസ്ഥാപനങ്ങൾ ഡിപ്പോസിറ്റ് ചെയ്ത തുക തിരികെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നല്കാൻ ഉത്തരവായിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ ഇപ്രകാരം പൊതുമരാമത്ത് കെട്ടിട വിഭാഗം തിരികെ നൽകുന്ന വിഹിതം കൺസോളിഡേറ്റഡ് അക്കൗണ്ടിലേക്ക് തിരികെ അടയ്ക്കുന്നതിനു പകരം നിർദ്ദിഷ്ട അങ്കണവാടി കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കേണ്ടതാണെന്ന് സൂചന (2) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം എടുക്കുകയുണ്ടായി.

2. സൂചന (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, അങ്കണവാടി കെട്ടിട നിർമ്മാണത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ, പൊതുമരാമത്ത് വകുപ്പിന് നല്കിയ വിഹിതം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തിരികെ നൽകുമ്പോൾ, കൺസോളിഡേറ്റഡ് അക്കൗണ്ടിലേക്ക് തിരികെ അടയ്ക്കുന്നതിനു പകരം നിർദ്ദിഷ്ട അങ്കണവാടി കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ICDS A7

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

**File No.LSGD-EPA3/4/2022-LSGD**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

വനിതാ ശിശുവികസന വകുപ്പ്

ഡയറക്ടർ.വനിതാ ശിശുവികസന വകുപ്പ്

ഡയറക്ടർ. ലോക്കൽ ഫണ്ട് ഓഡിറ്റ്. തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള. തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ ) കേരള ബ്രാഞ്ച് ഓഫീസ്. തൃശ്ശൂർ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

ധനകാര്യ വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

ഡയറക്ടർ. ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ